LIBRARY ARCHIVES Kerala Legislative Assembly

സമയബന്ധിതമായി പട്ടയം നൽകുന്നതിന് നടപടി

158 (7127) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, വെങ്ങാനൂർ, കല്ലിയൂർ, കോട്ടുകാൽ, കരുംകുളം, കാഞ്ഞിരംകുളം, തിരുപുറം എന്നീ വില്ലേജുകളിൽ നിന്നായി പട്ടയത്തിനുവേണ്ടിയുള്ള എത്ര അപേക്ഷകൾ റവന്യൂ വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിലുണ്ടെന്ന് വിശദമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളികൾ അടക്കമുള്ള ഈ അപേക്ഷകർക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ താഴെപ്പറയുന്ന വില്ലേജുകളിൽ പട്ടയത്തിനുവേണ്ടി ലഭിച്ചിട്ടുള്ള അപേക്ഷയുടെ കണക്ക് താഴെ കൊടുക്കുന്നു :

വിഴിഞ്ഞം	-	566
വെങ്ങാനൂർ	-	27
കല്ലിയൂർ	-	17
കോട്ടുകാൽ	-	45
കരുംകുളം	-	1414
തിരുപുറം	-	40
കാഞ്ഞിരംകുളം	-	...

(ബി & സി) പ്രസ്തുത അപേക്ഷകളിൽ കേരള ഭൂമി പതിവ് ചട്ടപ്രകാരം പരിശോധിച്ച് അപേക്ഷകളിന്മേൽ സർവെ നടത്തേണ്ടതും സർവെ നടത്തുന്ന ഭൂമികളിൽ സർവെ റിക്കോർഡുകൾ തയ്യാറാക്കേണ്ടതുമുണ്ട്. കൂടാതെ ഫിഷറീസ്, തുറമുഖം, ടൂറിസം വകുപ്പുകളുടെയും അനുമതിയും ആവശ്യമാണ്. തഹസിൽദാരുടെയും ജില്ലാ കളക്ടറുടെയും ലാന്റ് റവന്യൂ കമ്മീഷണറുടെയും ശിപാർശകളോടെ പ്രസ്തുത അപേക്ഷകൾ സർക്കാരിലെത്തുമ്പോൾ 1964-ലെ കേരള ഭൂമി പതിവ് ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പ്രത്യേക ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പട്ടയം നൽകുന്നത്.

കാസർഗോഡ് ജില്ലയിൽ പട്ടയമേള

159 (7128) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 മാർച്ച് മാസത്തിൽ കാസർഗോഡ് ജില്ലയിൽ പട്ടയമേള സംഘടിപ്പിച്ചിരുന്നുവോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

Page 1